12 (*162) പി.എസ്.സി. നിയമനം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാലതാമസം വരുത്തുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കണം എന്ന സർക്കാർ നിർദ്ദേശം പല വകുപ്പുമേധാവികളും പാലിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യഥാസമയം ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കാതെ നേരിട്ടും കോൺട്രാക്റ്റ് അടിസ്ഥാനത്തിലും പല സ്ഥാപനങ്ങളും നിയമനം നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ഈ വർഷം കാലാവധി അവസാനിക്കുന്ന എത്ര റാങ്ക്ലിസ്റ്റുകളാണ് നിലവിലുള്ളത്; ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടും അഡ്വൈസ് ചെയ്യാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കി നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ജി) റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടും നാളിതുവരെ നിയമനം നടത്താത്ത എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; ഈ സർക്കാർ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. അധിക സ്റ്റാഫിനെ അനുവദിച്ചു.

2. മൂന്ന് മേഖലാ കേന്ദ്രങ്ങൾ അനുവദിച്ച് ജോലി പുനർവിന്യസിച്ചു.

3.. കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി.

(ബി) കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി. സമാന തസ്തികകൾക്ക് പൊതുതെരഞ്ഞെടുപ്പ് നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി)-(ഇ) ഇല്ല. ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്)470 എണ്ണം സാങ്കേതികമായ തടസ്സങ്ങളില്ലാത്ത(ഉദാഹരണത്തിന് കോടതിവിധിയും മറ്റും) എല്ലാ ഒഴിവുകളിലേയും റാങ്ക് ലിസ്റ്റ് നിലവി

LIBRARY ARCHIVES Kerala Legislative Assembly

ലുണ്ടെങ്കിൽ കാലതാമസം കൂടാതെ പി.എസ്.സി. ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്തു വരുന്നുണ്ട്.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.5.99 വരെ, 61,614 പേർക്ക് പി.എസ്.സി. മുഖേന നിയമനശുപാർശ നൽകിയിട്ടുണ്ട്.

13 (*163) പേ ക്ലിനിക്കുകൾ തുടങ്ങാൻ പദ്ധതി

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗികൾക്ക് വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പേ ക്ലിനിക്കുകൾ തുടങ്ങാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ പ്രവർത്തനരീതി എപ്രകാരമായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനത്തിന് ഏകീകൃത ഫീസ് നിരക്ക് ഏർപ്പെടുത്താനാണോ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം ഗവണ്മെന്റ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ)-(ഡി) ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച് ജയചന്ദ്രൻ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കുകയും തുടർന്ന് അവിടെ പേ ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്യുകയുണ്ടായി. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിൽ ഇതിനായി പ്രത്യേക പദ്ധതിയൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

14 (*164) ശിശുക്കൾക്ക് വാക്സിൻ നൽകാൻ നടപടി

ശ്രീ.പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കൻപോക്സിനും മ്യൂമോണിയയ്ക്കുമെതിരെയുള്ള വാക്സിൻ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാക്സിൻ കേരളത്തിൽ ലഭ്യമാണോ;

(സി) സംസ്ഥാനത്തെ മുഴുവൻ ശിശുക്കൾക്കും ലഭ്യമായിട്ടുള്ള എല്ലാ വാക്സിനും നൽകാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly